ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 04.04.2026

## പ്രധാനവാർത്തകൾ

1. കേരളം നിയമസഭാ തിരഞ്ഞെടുപ്പിൽ വിധിയെഴുതാൻ ഇനി അഞ്ചു നാൾ. പ്രധാനമന്ത്രിയും ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് സംസ്ഥാനത്ത്. തിരുവനന്തപുരത്തും തിരുവല്ലയിലും പൊതു പരിപാടികൾ.

2. കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ആലപ്പുഴയിലും **CPI(M)** പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് കോഴിക്കോട്ടും പ്രചാരണത്തിൽ.

3. സംസ്ഥാനത്ത് ഹോം വോട്ടിംഗിൽ ഇതുവരെ രണ്ട് ലക്ഷത്തോളം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ.

4. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഗ്രീൻ സാൻവി എൽപിജി ടാങ്കർ ഹോർമുസ് കടലിടുക്ക് കടന്നു.

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNU TVPM

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഡൽഹി - മുംബൈയേയും ഗുജറാത്ത് രാജസ്ഥാനേയും നേരിടും.

## തിരഞ്ഞെടുപ്പ് പ്രചാരണം (ഇൻട്രോ)

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന് അഞ്ചു ദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കി മുന്നണികൾ. മുതിർന്ന ദേശീയ നേതാക്കൾ പ്രചാരണത്തിൽ സജീവമാണ്.
വിശദാംശങ്ങളിലേക്ക്.....................
(ഹോൾഡ് വോയ്സ്)

മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് തിരുവല്ലയിലെ എൻഡിഎ പൊതു സമ്മേളനത്തിൽ പങ്കെടുക്കും. ഇതു രണ്ടാം തവണയാണ് ശ്രീ മോദി കേരളത്തിൽ പ്രചാരണത്തിനെത്തുന്നത്. ഉച്ചയ്ക്ക് മൂന്നു മണിക്കു തിരുവല്ലയിലെ പരിപാടികൾക്കു ശേഷം തിരുവനന്തപുരത്തേക്കു തിരിക്കുന്ന അദ്ദേഹം കിള്ളിപ്പാലം മുതൽ കരമന വരെയുള്ള എൻഡിഎയുടെ റോഡ് ഷോയിലും പങ്കെടുക്കും. കേന്ദ്ര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നിർമ്മല സീതാരാമൻ ഇന്ന് എറണാകുളത്തും തൃശൂരിലും തിരെഞ്ഞെടുപ്പ് പ്രചാരണത്തിൽ സംബന്ധിക്കും. കേന്ദ്ര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ നാളെ കോഴിക്കോട് ജില്ലയിലെ ബേപ്പൂരിലെ റോഡ് ഷോയിൽ സംബന്ധിക്കും. മുതിർന്ന കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ആലപ്പുഴയിലെ യുഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. കൊച്ചി, കുന്നത്തുനാട് എന്നിവിടങ്ങളിലെ യുഡിഎഫ് പ്രചാരണ പരിപാടികളിലും ശ്രീ രാഹുൽ ഗാന്ധി പങ്കെടുക്കും. ഇന്ന് കോഴിക്കോട് നടക്കുന്ന UDF തിരെഞ്ഞെടുപ്പ് പ്രചാരണത്തിൽ കോൺഗ്രസ് നേതാവ് ശശി തരൂർ എംപി കർണാടക ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാർ തുടങ്ങിയവർ പങ്കെടുക്കും. സിപിഎം ജനറൽ സെക്രട്ടറി എം എ ബേബി ഇന്നു കോട്ടയം ജില്ലയിലെ എൽഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. മുതിർന്ന LDF നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ഇന്ന് കണ്ണൂരിലും CPI(M) പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് കോഴിക്കോട്ടും LDF പ്രചാരണത്തിൽ പങ്കെടുക്കും.
ന്യൂസ് ഡെസ്ക് ആകാശവാണി

RNU TVPM

## പോസ്റ്റൽ ബാലറ്റ് വോട്ട്

പോസ്റ്റൽ ബാലറ്റിൽ വോട്ട് ചെയ്യത് ഫേസ്ബുക്കിലൂടെ പ്രദർശിപ്പിച്ച പത്തനംതിട്ട അടൂർ സ്വദേശി രാജീവിനെതിരെ കേസെടുക്കാൻ ജില്ല തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ പൊലിസിന് നിർദേശം നൽകി. ഏപ്രിൽ രണ്ടിന് രാത്രിയിലാണ് വോട്ട് ചെയ്യ പോസ്റ്റൽ ബാലറ്റിന്റെ ചിത്രം ഫേസ്ബുക്കിലൂടെ പ്രദർശിപ്പിച്ചത്.

## പ്രധാനമന്ത്രി - സന്ദർശനം

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് സംസ്ഥാനത്ത് സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി. ചങ്ങനാശ്ശേരി പെരുന്ന എൻ.എസ്.എസ് കോളജ്, കോണ്ടൂർ ബാക്ക് വാട്ടേഴ്സ് ഹോട്ടൽ ആൻഡ് റിസോർട്സ് എന്നിവയുടെ വ്യോമപരിധിയിലും കോട്ടയം ജില്ലയിലെ ഹെലിപ്പാഡുകളിലും ഹെലികോപ്റ്ററുകളും ഡ്രോണുകളും പറത്തുന്നത് നിരോധിച്ചു. തിരുവല്ലയിലും തിരുവനന്തപുരത്തും ഗതാഗത ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

PNU TVPM

## ഹോം വോട്ടിംഗ്

ഭിന്നശേഷിക്കാർക്കും 85 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കു അനുവദിച്ച ഹോം വോട്ടിംഗിൽ സംസ്ഥാനത്ത് 2 ലക്ഷത്തോളം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. ഇന്നലെവരെ 1 ലക്ഷത്തി 99,819 പേരാണ് ഹോംവോട്ടിംഗിലൂടെ സമ്മതിദാനവകാശം വിനിയോഗിച്ചത്.

## തിരഞ്ഞെടുപ്പ് കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ പതിനൊന്നു നിയോജക മണ്ഡലങ്ങളിലും ശക്തമായ തിരഞ്ഞെടുപ്പ് പ്രചാരണമാണ് നടന്നുവരുന്നത്. ധർമ്മടം നിയോജക മണ്ഡലം എൽ.ഡി.എഫ്. സ്ഥാനാർത്ഥിയും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ രാവിലെ മുതൽ മണ്ഡലത്തിൽ പ്രചരണ പരിപാടി ആരംഭിച്ചു.

**തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.**

(വോയ്സ്...........)

## ഇവിഎം കമ്മീഷനിംഗ്

നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന ഇവിഎം കമ്മീഷനിംഗ് പൂർത്തിയായി. ഇതിന്റെ ഭാഗമായി, ഇവിഎം കമ്മീഷനിംഗ് നടന്ന വട്ടിയൂർക്കാവ് മണ്ഡല ത്തിലെ പട്ടം കേന്ദ്രീയ വിദ്യാലയവും നേമം മണ്ഡലത്തിലെ കോട്ടൺഹിൽ സ്കൂളും തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി സന്ദർശിച്ചു. പോളിംഗ് ഇതര ഉദ്യോഗസ്ഥരുടെ പോസ്റ്റൽ വോട്ടിംഗിന് സൗകര്യം ഒരുക്കിയിട്ടുള്ള ഡെസിഗ്നേറ്റഡ് വോട്ടേസ് ഫെസിലിറ്റേഷൻ സെൻ്ററിലും കളക്ടർ സന്ദർശനം നടത്തി.

PRNU TVPM

## സ്ഥാനാർത്ഥി - വരവ് ചെലവ്

നിയമസഭാ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ 14 നിയോജകമണ്ഡലങ്ങളിലേയും സ്ഥാനാർത്ഥികളുടെ വരവ് ചെലവ് കണക്കുകളുടെ മൂന്നാം ഘട്ട പരിശോധന ഈമാസം 6,7 തീയതികളിൽ നടക്കും. കണ്ണൂർ ജില്ലയിലെ രണ്ടാം ഘട്ട പരിശോധന ഇന്ന് നടക്കും. മൂന്നാം ഘട്ട പരിശോധന ഈ മാസം 7 ന് ആണ്.

## കണ്ണൂർ ജില്ലാ കളക്ടർ

നിയമസഭ തിരഞ്ഞെടുപ്പിൽ കാഴ്ചാപരിമിതി മൂലമോ ശാരീരിക അവശതകൾ മൂലമോ ബാലറ്റ് യുണിറ്റിലെ ചിഹ്നം തിരിച്ചറിയാൻ സാധിക്കാതിരിക്കുകയോ ബാലറ്റ് യൂണിറ്റിൽ സ്വയം വിരലമർത്തി വോട്ട്

രേഖപ്പെടുത്താൻ കഴിയാത്തതോ ആയ വോട്ടർമാർക്ക് വോട്ടു രേഖപ്പെടുത്താൻ സഹായിയുടെ സേവനം തേടാമെന്ന് കണ്ണൂർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർ അറിയിച്ചു. പ്രിസൈഡിംഗ് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ മാത്രമേ സഹായിയുടെ സേവനം അനുവദിക്കുകയുള്ളൂ. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹായി വോട്ടർക്കൊപ്പം പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ചാണ് വോട്ടിംഗ് നടപടി പൂർത്തീകരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## നാമ നിർദ്ദേശ പത്രിക - തമിഴ് നാട്

തമിഴ്നാട്ടിൽ നാമനിർദ്ദേശ പത്രിക സമർപ്പണം മറ്റന്നാൾ അവസാനിക്കും. 234 മണ്ഡലങ്ങളിലേക്ക് ഈ മാസം 23 ന് ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്. 27 സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളെ ബി ജെ പിയും 28 നിയമസഭാ സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളെ കോൺഗ്രസും പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പശ്ചിമബംഗാൾ - തിരഞ്ഞെടുപ്പ്

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനായി 4,660 അനുബന്ധ പോളിംഗ് സ്റ്റേഷനുകൾ കൂടി സജ്ജമാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അനുമതി നൽകി. 1,200-ൽ അധികം വോട്ടർമാരുള്ള ബൂത്തുകളിലാണ് ഈ ക്രമീകരണം. ഇതോടെ സംസ്ഥാനത്തെ ആകെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം 85,379 ആയി ഉയർന്നു. കൂടാതെ, വോട്ടർമാരുടെ സൗകര്യത്തിനായി 321 ബൂത്തുകൾ മാറ്റി സ്ഥാപിക്കാനും തീരുമാനമായി. ഈ മാസം 23, 29 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് പശ്ചിമ ബംഗാളിൽ വോട്ടെടുപ്പ് നടക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## എസ് ചന്ദ്രൻ

ആകാശവാണി മുൻ പ്രോഗ്രാം എക്സിക്യുട്ടീവായിരുന്ന എസ് ചന്ദ്രൻ അന്തരിച്ചു. 80 വയസ്സായിരുന്നു. ദീർഘകാലം തിരുവനന്തപുരം നിലയത്തിൽ ജോലി ചെയ്ത ഇദ്ദേഹം ആകാശവാണിയുടെ കണ്ണൂർ, നാഗർകോവിൽ നിലയങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നാല് തവണ

ആകാശവാണി ആന്വൽ അവാർഡ് നേടിയ എസ് ചന്ദ്രൻ നിരവധി ജനപ്രിയ പരിപാടികളുടെ ചുമതല വഹിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## എൽപിജി- ഹോർമൂസ്

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നതിനിടെ 'ഗ്രീൻ സാൻവി' എന്ന എൽപിജി ടാങ്കർ ഹോർമുസ് കടലിടുക്ക് കടന്ന് ഇന്ത്യയിലേക്ക് തിരിച്ചതായി സർക്കാർ വൃത്തങ്ങൾ അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷം ആരംഭിച്ചതിന് ശേഷം എൽപിജിയുമായി ഹോർമുസ് കടലിടുക്ക് കടക്കുന്ന ഇന്ത്യയിലേക്കുള്ള ഏഴാമത്തെ കപ്പലാണിത്. നാനൂറിലധികം ഇന്ത്യൻ നാവികരുമായി 17 ഇന്ത്യൻ കപ്പലുകൾ ഇപ്പോഴും പടിഞ്ഞാറൻ പേർഷ്യൻ ഗൾഫ് മേഖലയിലുണ്ട്. കപ്പൽ ഉടമകളുമായും ഇന്ത്യൻ മിഷനുകളുമായും സഹകരിച്ച് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ് സ്ഥിതിഗതികൾ സജീവമായി നിരീക്ഷിച്ചുവരികയാണ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ട്രംപ് - യുദ്ധവിമാനങ്ങൾ

ഇറാനുമായുള്ള സംഘർഷത്തിനിടെ അമേരിക്കൻ യുദ്ധവിമാനങ്ങൾ വെടിവെച്ചിട്ടത് നയതന്ത്ര ചർച്ചകളെ ബാധിക്കില്ലെന്ന് ഉറപ്പു നൽകി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാനുമായുള്ള സമാധാന നീക്കങ്ങൾക്ക് ഇത് തടസ്സമാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അതേസമയം അമേരിക്ക മുന്നോട്ടുവെച്ച 48 മണിക്കൂർ വെടിനിർത്തൽ കരാർ ഇറാൻ തള്ളി. പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമാകുന്നതിനിടെ മൂന്നാം കക്ഷി മുഖേനയാണ് അമേരിക്ക നിർദ്ദേശം സമർപ്പിച്ചത്. തങ്ങളുടെ നിബന്ധനകൾ അംഗീകരിക്കുന്നത് വരെ പോരാട്ടം തുടരുമെന്ന് ഇറാൻ വ്യക്തമാക്കിയതോടെ മേഖലയിലെ നയതന്ത്ര ചർച്ചകൾ തടസപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ധനം – കേരളം

സംസ്ഥാനത്ത് എൽപിജി, പെട്രോൾ, ഡീസൽ എന്നിവ ആവശ്യത്തിന് ലഭ്യമാണെന്ന് പൊതുജനങ്ങൾക്ക് ഉറപ്പ് നൽകി എണ്ണക്കമ്പനികൾ.

RNU TVPM

ഉപഭോക്താക്കൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും, തങ്ങളുടെ വിതരണ ശൃംഖലയിലൂടെ എൽപിജി റീഫില്ലുകൾ സുഗമമായും കൃത്യസമയത്തും നല്കാൻ പ്രതിജ്ഞാബദ്ധമാണെന്നും എല്ലാ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾക്കും വേണ്ടി, ഓയിൽ ഇൻഡസ്ട്രി - കേരള സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചു. സംസ്ഥാനത്തുടനീളമുള്ള ചില്ലറ വില്പനശാല കളിലും സംഭരണ കേന്ദ്രങ്ങളിലും ആവശ്യത്തിന് പെട്രോൾ, ഡീസൽ സ്റ്റോക്കുകൾ ലഭ്യമാണെന്ന് കമ്പനികൾ ഉറപ്പുനല്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആലപ്പുഴ (ഇൻട്രോ)

ഈസ്റ്റർ വിപണി കുട്ടനാട്ടിലെ താറാവ് കർഷകർക്ക് പുതിയ പ്രതീക്ഷ കളാണ് നൽകുന്നത്.

**ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്**

**(വോയ്സ്...........)**

❁❁❁❁❁❁❁❁❁❁❁❁❁❁❁

## കാലാവസ്ഥ

RNUTVPM

സംസ്ഥാനത്ത് താപനില ഉയരുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. അതേസമയം, കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 3.30ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ

നേരിടും. രാത്രി 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസും രാജസ്ഥാൻ റോയൽസും തമ്മിൽ ഏറ്റുമുട്ടും.

RNU TVPM